# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 12.09.2026** **TIME : 12.50 PM**

### പ്രധാന വാർത്തകൾ

1) പതിനെട്ടാമത് ബ്രിക്സ് ഉച്ചകോടിക്ക് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. ഉച്ചയ്ക്ക് ശേഷം ആരംഭിക്കുന്ന മുഖ്യ സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അധ്യക്ഷത വഹിക്കും.

   **The 18th BRICS Summit begins in New Delhi today. Prime Minister Narendra Modi will preside over the main session, which commences in the afternoon.**

2) ബ്രിക്സ് ഉച്ചകോടിക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദി എത്യോപ്യൻ പ്രധാനമന്ത്രിയുമായി ഉഭയകക്ഷി ചർച്ച നടത്തി. ചൈനീസ് പ്രസിഡൻറുമായുള്ള കൂടിക്കാഴ്ച വൈകിട്ട്.

   **Prime Minister Narendra Modi held bilateral talks with the Prime Minister of Ethiopia on the sidelines of the BRICS Summit; A meeting with the Chinese President is scheduled for the evening.**

3) ആഗോള വ്യാപാര ശൃംഖലയുടെ സുസ്ഥിരതയ്ക്ക് സുരക്ഷിതമായ സമുദ്രപാതകളും തടസ്സമില്ലാത്ത വിതരണ ശൃംഖലകളും ഉറപ്പാക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi emphasized the need to ensure secure maritime routes and seamless supply chains for the stability of the global trade network.**

4) സമുദ്ര മലിനീകരണം തടയേണ്ടതിന്റെ പ്രാധാന്യം ലക്ഷ്യമിട്ടുള്ള "സ്വച്ഛ് സാഗർ, സുരക്ഷിത് സാഗർ – 2026" ദേശീയ കാമ്പയിന് ഇന്ന് തുടക്കമാകും.

The national campaign "Swachh Sagar, Surakshit Sagar – 2026" aimed at addressing the importance of preventing marine pollution, launches today.

5) കേരളത്തിൽ വൈദ്യുതി ക്ഷാമം മറികടക്കാൻ ഉയർന്ന വില നൽകി വൈദ്യുതി വാങ്ങാൻ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അനുമതി നൽകി.

The State Electricity Regulatory Commission has granted permission to purchase electricity at a higher price to overcome the power shortage in Keralam.

6) ഏഷ്യ കപ്പ് വനിതാ ജൂനിയർ ഹോക്കി ടൂർണമെൻറിൽ ഇന്ത്യ ഫൈനലിൽ.

India has reached the final of the Women's Junior Asia Cup hockey tournament.

********************

## BRICS SUMMIT (INTRO)

പതിനെട്ടാമത് ബ്രിക്സ് ഉച്ചകോടിക്ക് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. ഉച്ചയ്ക്ക് ശേഷം ആരംഭിക്കുന്ന പ്രധാന സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അധ്യക്ഷത വഹിക്കും.

ഒരു റിപ്പോർട്ട്

(വോയ്സ്)

ഉന്നതതല സമ്മേളനത്തിൽ ആഗോള ഭരണനിർവ്വഹണം, ബഹുപക്ഷവാദം , വ്യാപാര-നിക്ഷേപം, സാങ്കേതികവിദ്യ, ഭക്ഷ്യ-ഊർജ്ജ സുരക്ഷ, ആരോഗ്യം, ദുരന്തങ്ങളെ നേരിടാനുള്ള ശേഷി, നിർണായക വിതരണ ശൃംഖലകൾ തുടങ്ങിയ സുപ്രധാന വിഷയങ്ങൾ ബ്രിക്സ് അംഗരാജ്യങ്ങളിലെ നേതാക്കൾ ചർച്ച ചെയ്യും.

********************

## BRICS SUMMIT (VOICE)

"സമഗ്രമായ ആഗോളഭരണവും ബഹുരാഷ്ട്ര സഹകരണത്തിൻറെ ശക്തിപ്പെടുത്തലും" എന്ന വിഷയത്തിൽ ബ്രിക്സ് അംഗരാജ്യങ്ങൾക്കായി നടത്തുന്ന സെഷനോടെയാണ് ഉച്ചകോടിക്ക് തുടക്കമാകുക. ഭാരത് മണ്ഡപത്തിൽ

ഒരുക്കിയിരിക്കുന്ന 'ഭാരത് ഇന്നോവേറ്റ്സ്' പ്രദർശനം വൈകിട്ട് ബ്രിക്സ് അംഗരാജ്യങ്ങളിലെ നേതാക്കൾ സന്ദർശിക്കും. തുടർന്ന് നേതാക്കൾ സംയുക്തമായി വൃക്ഷത്തൈ നടും. ഇന്നും നാളെയുമായി ഭാരത് മണ്ഡപത്തിൽ നടക്കുന്ന ഉച്ചകോടിയിൽ 11 അംഗരാജ്യങ്ങളും 10 പങ്കാളി രാജ്യങ്ങളും വിവിധ അന്താരാഷ്ട്ര സംഘടനകളുടെ 12 പ്രതിനിധികളും പങ്കെടുക്കും. ഞായറാഴ്ച, ബ്രിക്സ് പങ്കാളിത്ത രാജ്യങ്ങളിലെ നേതാക്കളെയും ക്ഷണിക്കപ്പെട്ടവരെയും പ്രധാനമന്ത്രി സ്വാഗതം ചെയ്യും. ഉച്ചകോടിയുടെ സമാപനദിനമായ നാളെ ബ്രിക്സ് നേതാക്കൾ സംയുക്ത പ്രസ്താവന പുറത്തിറക്കും. 'പ്രതിരോധശേഷി, നവീകരണം, സഹകരണം, സുസ്ഥിരത' എന്നതാണ് ഇത്തവണത്തെ പ്രമേയം.

**ന്യൂസ് ഡെസ്ക് ആകാശവാണി.....**

********************

## BRICS SUMMIT-LEADERS ARRIVAL

BRICS ഉച്ചകോടിയിൽ പങ്കെടുക്കുന്നതിന് വിദേശ നേതാക്കളും ഉന്നത ഉദ്യോഗസ്ഥരും ന്യൂഡൽഹിയിൽ എത്തി. ചൈനീസ് പ്രസിഡൻറ് ഷീ ജിൻ പിങ് അൽപം മുമ്പ് എത്തി ചേർന്നു. വിയറ്റ്നാം പ്രധാനമന്ത്രിയും, ബെലറൂസ് വിദേശകാര്യ മന്ത്രിയും ന്യൂഡൽഹിയിലെത്തി. ഇന്തോനേഷ്യൻ പ്രസിഡന്റ്, ആഫ്രിക്കൻ യൂണിയനെ പ്രതിനിധീകരിച്ച് ബുറുണ്ടി പ്രസിഡന്റ്, അബുദാബി കിരീടാവകാശി, മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം തുടങ്ങിയവർക്ക് പുറമെ ഈജിപ്റ്റ്, എത്യോപ്യ, ഫിലിപ്പീൻസ്, ഇറാൻ എന്നീ രാജ്യങ്ങളുടെ തലവൻമാരും ഉച്ചകോടിയിൽ പങ്കെടുക്കാൻ എത്തി ചേർന്നു.

********************

## PM-BILATERALS

ബ്രിക്സ് ഉച്ചകോടിക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദി എത്യോപ്യൻ പ്രധാനമന്ത്രി അബി അഹമ്മദ് അലിയുമായി ഉഭയകക്ഷി ചർച്ച നടത്തി. വ്യാപാരം, നിക്ഷേപം, വികസന പങ്കാളിത്തം, അടിസ്ഥാന സൗകര്യം, സാങ്കേതികവിദ്യ, ജനങ്ങൾ തമ്മിലുള്ള ബന്ധം

തുടങ്ങി വിവിധ മേഖലകളിലെ സഹകരണം ശക്തമാക്കുന്നതിനുള്ള മാർഗങ്ങളെക്കുറിച്ച് ചർച്ച ചെയ്യു. വിവിധ ലോകനേതാക്കളുമായി പ്രധാനമന്ത്രി ഇന്നും ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും. ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങുമായി ഇന്ന് വൈകിട്ടാണ് കൂടിക്കാഴ്ച. അബുദാബി കിരീട അവകാശി ഷെയ്ഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ, വിയറ്റ്നാം പ്രധാനമന്ത്രി ലെ മിൻ ഹങ് എന്നിവരുമായി കൂടിക്കാഴ്ച തീരുമാനിച്ചിട്ടുണ്ട്. റഷ്യൻ പ്രസിഡൻറ്, ഇറാൻ പ്രസിഡന്റ്, ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ തുടങ്ങിയവരുമായി ഇന്നലെയായിരുന്നു കൂടിക്കാഴ്ച.

********************

## PM SECURE SEA LANES (INTRO)

ആഗോള വ്യാപാര ശൃംഖലയുടെ സുസ്ഥിരതയ്ക്ക് സുരക്ഷിതമായ സമുദ്രപാതകളും തടസ്സമില്ലാത്ത വിതരണ ശൃംഖലകളും നാവികരുടെ സുരക്ഷയും ഉറപ്പാക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആവശ്യപ്പെട്ടു. വ്യാപാര തടസ്സങ്ങൾ നീക്കുന്നതിനും ബിസിനസ്സ് അവസരങ്ങൾ വിപുലീകരിക്കുന്നതിനുമായി പ്രവർത്തിക്കാൻ അദ്ദേഹം ബ്രിക്സ് അംഗ രാജ്യങ്ങളോട് അഭ്യർത്ഥിച്ചു. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്നലെ നടന്ന ബ്രിക്സ് ബിസിനസ് ഫോറം നേതാക്കളുടെ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

(വോയ്സ്)

********************

## JOSHI- BHARAT INNOVATES-

ഉന്നത വിദ്യാഭ്യാസ, ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ഉരുത്തിരിയുന്ന നൂതന ആശയങ്ങളും കണ്ടുപിടുത്തങ്ങളും ലോകത്തിന് മുന്നിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ബ്രിക്സ് ഉച്ചകോടിയുടെ ഭാഗമായ Bharat Innovates പ്രദർശനം ഒരുക്കിയിരിക്കുന്നതെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി പ്രൾഹാദ് ജോഷി. ഈ പ്രദർശനത്തിലേക്ക് വിശിഷ്ടാതിഥികളെ സ്വാഗതം ചെയ്യുന്നത് രാജ്യത്തിന് അഭിമാനകരമായ കാര്യമാണെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ വ്യക്തമാക്കി.

********************

## MALAYSIA – PM

ബ്രിക്സ് ഉച്ചകോടിയുടെ ഭാഗമായി ഇന്ത്യയിലെത്തിയ മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം നാളെ കേരളം സന്ദർശിക്കും. കോഴിക്കോട് മർകസ് ക്യാമ്പസിൽ എത്തുന്ന അദ്ദേഹം പ്രത്യേക പ്രാർഥനാ സംഗമത്തിൽ സംബന്ധിക്കും.

********************

## SWACHCH SAGAR – SURAKHSHIT SAGAR

സമുദ്ര മലിനീകരണം തടയേണ്ടതിന്റെ പ്രാധാന്യം ലക്ഷ്യമിട്ട് ദേശീയ തലത്തിൽ സംഘടിപ്പിക്കുന്ന "സ്വച്ഛ് സാഗർ, സുരക്ഷിത് സാഗർ – 2026" ജനകീയ കാമ്പയിന് ഇന്ന് തുടക്കമാകും. ഈ മാസം 19 വരെയാണ് കാമ്പയിൻ. അന്താരാഷ്ട്ര തീരദേശ ശുചീകരണ ദിനത്തോടനുബന്ധിച്ചുള്ള വിപുലമായ പ്രവർത്തനങ്ങളോടെയാണ് വാരാചരണത്തിന്റെ സമാപനം. തീരപ്രദേശങ്ങൾ പൊതുജന പങ്കാളിത്തത്തോടെ വൃത്തിയായി സൂക്ഷിക്കുക, സമുദ്ര സംരക്ഷണത്തെക്കുറിച്ച് ആഴത്തിലുള്ള അവബോധം വളർത്തുക എന്നിവയാണ് ക്യാമ്പയിന്റെ പ്രധാന ലക്ഷ്യങ്ങൾ.

********************

## PM-KMY- 7 YEARS WITH VC

പ്രധാൻമന്ത്രി കിസാൻ മാൻധൻ യോജന ഇന്ന് ഏഴ് വർഷം പൂർത്തിയാക്കുന്നു. ചെറുകിട - നാമമാത്ര കർഷകർക്ക് സാമൂഹിക സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ 2019-ലാണ് പദ്ധതി ആരംഭിച്ചത്. അർഹരായ ചെറുകിട, നാമമാത്ര കർഷകർക്ക് 60 വയസ്സ് തികയുമ്പോൾ കുറഞ്ഞത് 3,000 രൂപ പ്രതിമാസ പെൻഷൻ, പദ്ധതി ഉറപ്പുനൽകുന്നു.

********************

## ELECTRICITY CRISIS – APPROVAL

കേരളത്തിൽ വൈദ്യുതി പ്രതിസന്ധി തുടരുന്ന സാഹചര്യത്തിൽ, ഉയർന്ന വില നൽകി വൈദ്യുതി വാങ്ങാൻ സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അനുമതി നൽകി. ഒക്ടോബർ മുതൽ മെയ് മാസം വരെയുള്ള

കാലയളവിൽ ഹ്രസ്വകാല കരാറുകൾ മുഖേന വൈദ്യുതി ലഭ്യമാക്കാനാണ് അനുമതി ലഭിച്ചിരിക്കുന്നത്. അതേസമയം, നിലവിലുള്ള വൈദ്യുതി നിയന്ത്രണങ്ങൾ തൽക്കാലം ഒഴിവാക്കില്ലെന്നാണ് സൂചന.

********************

## ELECTRICITY CRISIS

കേരളത്തിൽ ചൂട് കടുത്തതോടെ വൈദ്യുതി ബോർഡിന്റെ സംഭരണികളിലെ ജലനിരപ്പ് ഗണ്യമായി കുറയുന്നു. സംസ്ഥാനത്തിന്റെ പ്രതിദിന ഉപഭോഗം 100 ദശലക്ഷം യൂണിറ്റിനോട് അടുക്കുകയാണ്.

********************

## ONION RATE - CM

സവാളവില പിടിച്ചുനിർത്തുന്നതിന് വിപണി ഇടപെടലുമായി കേരളം. പൊതുവിപണിയിൽ 65 മുതൽ 75 രൂപ വരെ വിലയുള്ള സവാള 35-രൂപയ്ക്ക് സപ്ലൈകോയുടെ ഹോർട്ടികോർപ്പ് വഴി വിതരണം ആരംഭിച്ചതായി മുഖ്യമന്ത്രി വി.ഡി സതീശൻ ഫേസ്ബുക്കിൽ അറിയിച്ചു. പൂഴ്ത്തിവയ്പ്പിനും അനാവശ്യ വിലക്കയറ്റത്തിനുമെതിരെ നിരീക്ഷണം ശക്തമാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

********************

## SABARIMALA - TAIN SERVICE

ശബരിമല മണ്ഡലകാലത്ത് 300 അധിക ട്രെയിൻ സർവീസുകൾ നടത്തുമെന്ന് റെയിൽവേ. 500 ബസുകൾ വാടകയ്ക്കെടുത്ത് അധിക സർവിസുകൾ നടത്താൻ കെ എസ് ആർ ടി സി തീരുമാനിച്ചു. സന്നിധാനത്ത് എല്ലാ വകുപ്പുകളുടെയും സംയുക്ത കൺട്രോൾ റൂം സ്ഥാപിക്കും.

********************

## ASIA CUP HOCKEY

ചൈനയിലെ മോഖിയിൽ നടക്കുന്ന ഏഷ്യ കപ്പ് വനിതാ ജൂനിയർ ഹോക്കി ടൂർണമെൻറിൽ ഇന്ത്യ ഫൈനലിൽ. ദക്ഷിണ കൊറിയയെ 51 ന് പരാജയപ്പെടുത്തിയാണ് ഇന്ത്യ ഫൈനലിൽ പ്രവേശിച്ചത്. ചൈനയും ജപ്പാനും തമ്മിലുള്ള രണ്ടാം

സെമിഫൈനലിലെ വിജയികളെ ഇന്ത്യ ഫൈനലിൽ നേരിടും.

*******************

## US OPEN TENNIS

യു.എസ് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് ഫൈനലിൽ അമേരിക്കയുടെ ബെൻ ഷെൽട്ടൺ ജർമ്മനിയുടെ അലക്സാണ്ടർ സ്വെരേവിനെ നേരിടും. വനിതാ സിംഗിൾസിൽ നിലവിലെ ചാമ്പ്യനായ അരീന സബലെങ്ക, എലീന റൈബാക്കിനയെ നേരിടും. വനിതാ ഡബിൾസിൽ, കാറ്ററിന സിനിയാക്കോവ- ടെയ്ലർ ടൗൺസെൻഡ് സഖ്യം കിരീടം നേടി.

*******************

## CRICKET-T20 ASIA CUP

ടി-20 വനിതാ ഏഷ്യാ കപ്പ് ക്രിക്കറ്റ് ഫൈനലിൽ നിലവിലെ ചാമ്പ്യന്മാരായ ശ്രീലങ്ക നാളെ ഇന്ത്യയെ നേരിടും. ദുബായിലാണ് മത്സരം. ഇന്നലെ നടന്ന സെമിഫൈനലിൽ പാകിസ്ഥാനെ നാല് വിക്കറ്റിന് പരാജയപ്പെടുത്തിയാണ് ശ്രീലങ്ക ഫൈനലിൽ പ്രവേശിച്ചത്.

*******************

## Saudi Arabia - drone attack

ഡ്രോൺ ആക്രമണത്തിന് പിന്നാലെ പ്രധാന എണ്ണ പൈപ്പ്ലൈൻ അടച്ചതായി സൗദി ഊർജ മന്ത്രാലയം. മുൻകരുതലിന്റെ ഭാഗമായാണ് നടപടി. പശ്ചിമേഷ്യൻ സംഘർഷത്തെ തുടർന്ന് ഹോർമുസ് കടലിടുക്കിലൂടെയുള്ള ഗതാഗതം തടസ്സപ്പെട്ട സാഹചര്യത്തിൽ സൗദി അറേബ്യയുടെ എണ്ണ കയറ്റുമതിയിൽ ഈ പൈപ്പ്ലൈന് നിർണായക പങ്കുണ്ട്. ഇറാഖിൽ നിന്ന് എത്തിയ നിരവധി ഡ്രോണുകളാണ് ആക്രമണം നടത്തിയതെന്ന് സൗദി വിദേശകാര്യ മന്ത്രാലയം ആരോപിച്ചു. ആക്രമണത്തെ ഇറാഖ് സർക്കാർ അപലപിക്കുകയും സംഭവത്തിൽ അന്വേഷണം നടത്താൻ ഉത്തരവിടുകയും ചെയ്തു.

*******************

## TWINS DEATH – IDUKKI

ഇടുക്കി അടിമാലിയിൽ ഒരു വയസ്സ് പ്രായമുള്ള ഇരട്ടക്കുട്ടികൾ മരിച്ച സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചു. പെയിൻറിങ്ങിന് ഉപയോഗിക്കുന്ന തിന്നർ അബദ്ധത്തിൽ ഉള്ളിൽ ചെന്ന് കുട്ടികൾ മരിച്ചതെന്നാണ് വീട്ടുകാർ നൽകിയ പ്രാഥമിക മൊഴി. കുട്ടികളുടെ മാതാപിതാക്കളെ വീണ്ടും ചോദ്യം ചെയ്യും. വിശദമായ ശാസ്ത്രീയ പരിശോധനകൾക്കും പോസ്റ്റ്മോർട്ടം റിപ്പോർട്ടിനും ശേഷം മാത്രമേ മരണകാരണത്തിൽ വ്യക്തത വരികയുള്ളൂ എന്ന് പോലീസ് അറിയിച്ചു.

********************

## AMRITH PROJECT – CORPORATION

കേന്ദ്ര സർക്കാരിൻറെ അമൃത് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തിരുവനന്തപുരം നഗരത്തിലെ 29 കുളങ്ങൾ കോർപറേഷൻ നവീകരിക്കും. കാട് മൂടിയതും പായലും ചെളിയും നിറഞ്ഞ് ഉപയോഗശൂന്യവുമായ കുളങ്ങളാണ് പദ്ധതിയുടെ ഭാഗമായി വൃത്തിയാക്കുന്നത്. 17 കോടി രൂപ ചെലവഴിച്ചാണ് കുളങ്ങൾ വിവിധ ഘട്ടങ്ങളായി കോർപ്പറേഷൻ നവീകരിക്കുന്നത്.

********************

## GOLD RATE

സ്വർണവിലയിൽ ഇന്ന് നേരിയ വർദ്ധന രേഖപ്പെടുത്തി. പവന് 120 രൂപ വർധിച്ച് ഒരു ലക്ഷത്തി 13,360 രൂപയും ഗ്രാമിന് 14,170 രൂപയുമാണ് ഇന്നത്തെ വില.

********************

## PMAY-U 2.0

പ്രധാൻമന്ത്രി ആവാസ് യോജന-അർബൻ 2.0 പദ്ധതിയുടെ ഭാഗമായി 18 ലക്ഷത്തി 77,000 വീടുകൾക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകി. ന്യൂഡൽഹിയിൽ ചേർന്ന സെൻട്രൽ സാങ്ഷനിങ് ആൻഡ് മോണിറ്ററിങ് കമ്മിറ്റിയുടെ ഒമ്പതാമത് യോഗത്തിലാണ് തീരുമാനം. അസം, ബിഹാർ, ഗുജറാത്ത്, തെലങ്കാന, ത്രിപുര, ഉത്തർപ്രദേശ് എന്നീ ആറ്

സംസ്ഥാനങ്ങളിലെ ഭവന പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്.

********************

************

****